ക്രൈംബ്രാഞ്ചിന്റെ ആധുനികവത്കരണം

184 (2054) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രൈം ബ്രാഞ്ചിന്റെ പ്രവർത്തനങ്ങൾ ആധുനികവത്കരിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ ;

(ബി) ഇതിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളും സാങ്കേതിക സൗകര്യങ്ങളുമാണ് പദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സൈബർ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുവാനും തെളിയിക്കുവാനുമുള്ള കാര്യങ്ങൾ ആധുനികവത്ക്കരണത്തിൽ ഉൾപ്പെടുത്തുമോ ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ക്രൈംബ്രാഞ്ച് വിഭാഗം റീ ഓർഗനൈസ് ചെയ്യുന്നതിനുള്ള പ്രൊപ്പോസലുകൾ സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ അടുത്ത ധനകാര്യവർഷം പരിഗണിക്കുന്നതിനായി മാറ്റി വച്ചിരിക്കുകയാണ്. കൂടാതെ പോലീസ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി ക്രൈം ബ്രാഞ്ചിന് ആവശ്യമായ ഓഫീസുകളുടെ നിർമ്മാണം, വാഹനങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ട്. പുതിയ തസ്തികകൾ സൃഷ്ടിച്ചും ഓഫീസ് വാഹന സൗകര്യങ്ങൾ ലഭ്യമാക്കിയും ക്രൈംബ്രാഞ്ചിന്റെ നിലവിലുള്ള പ്രവർത്തനം വ്യാപിപ്പിക്കുകയും, മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനുള്ള കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

(ബി) ആധുനികവത്കരണ പദ്ധതിയുടെ ഭാഗമായി ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനും വാഹനങ്ങൾ, ക്യാമറകൾ എന്നിവ വാങ്ങി നൽകുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്.

(സി&ഡി) സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും തെളിയിക്കുന്നതിനുമായി ക്രൈംബ്രാഞ്ചിന്റെ കീഴിൽ ഒരു സൈബർ പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സൈബർ പോലീസ് സ്റ്റേഷനിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഡിവൈ.എസ്.പി., 4 ഇൻസ്പെക്ടർ, എന്നീ പോസ്റ്റുകൾ 26-6-2014-ലെ ജി.ഒ. (എംഎസ്.) 79/2014 പ്രകാരം അനുവദിച്ചിട്ടുണ്ട്. സൈബർ സെല്ലുകളിലേക്ക് ആവശ്യമായ 133 തസ്തികകൾ വിവിധ വിഭാഗങ്ങളിലായി 1-8-2013-ലെ ജി.ഒ. (എംഎസ്.) നമ്പർ 194/13/ആഭ്യന്തരം പ്രകാരം അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ Password Cracker, ഹാർഡ്വെയർ ആന്റ് സോഫ്റ്റ്വെയർ, മൊബൈൽ ഫോൺ എസ്ട്രാക്ടർ, കോൾ ഡാറ്റാ അനാലിസിസ് സോഫ്റ്റ്വെയർ, സൈബർ ഫോറൻസിക് ടൂൾസ് മുതലായ ആധുനിക ഉപകരണങ്ങളും വാങ്ങി നൽകിയിട്ടുണ്ട്.

പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്ന നടപടി

185 (2055) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ മലയോര അതിർത്തി പ്രദേശമായ പാണത്തൂരിൽ പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്കുള്ള അടങ്കൽ തുക എത്രയാണെന്ന് വിശദമാക്കാമോ ;

(സി) പദ്ധതി എന്ന് തുടങ്ങുമെന്നും എന്നത്തേക്ക് പൂർത്തിയാക്കുമെന്നും അറിയിക്കാമോ ?

ഉത്തരം

(എ-സി) പാണത്തൂരിൽ എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലില്ല.

പോലീസ് സേനയുടെ നവീകരണ പ്രവർത്തനങ്ങൾ

186 (2056) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് സേനയുടെ നവീകരണത്തിനായി നടപ്പിലാക്കുന്ന MoPF Scheme, Plan Scheme, 13th FCA എന്നീ പദ്ധതികൾക്കായി എത്ര തുക നാളിതുവരെ ചെലവിട്ടുവെന്നും, ആയത് ഏതെല്ലാം ഇനത്തിലാണെന്നും വിശദമാക്കുമോ ;

(ബി) ഈ പദ്ധതികളുടെ നാളിതുവരെയുണ്ടായിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ആയത് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly